## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 218 — 28.10.2019- ൽ മറുപടിയ്ക്ക്

### ജയിലുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ. കെ. രാജൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ജയിലുകളിലെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | ജയിലുകളിലെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചുറ്റുമതിലുകളുടെ ഉയരം വർദ്ധിപ്പിക്കുക, കോൺക്രീറ്റ് മതിൽ നിർമ്മാണം, ഇലക്ട്രിക് വയർ ഫെൻസിംഗ്, സി.സി.ടി.വി. സംവിധാനം എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തടവുകാരുടെ വിചാരണ നടത്തുന്നതിനായി കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏറെക്കുറെ സജ്ജമായി കഴിഞ്ഞു. ജയിലുകളിൽ ടെട്രാ കമ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിച്ചുവരുന്നു. കൂടാതെ സുരക്ഷാ യന്ത്ര സംവിധാനമായ X-ray Baggage Inspection System, Door Frame Multi purpose Metal Detector, Non-Linear Junction Detector, Security Pole for Cell Phone and ferrous Metal detection System എന്നിവ സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വിയ്യൂർ സെൻട്രൽ ജയിലിൽ ജയിൽ മ്യൂസിയം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ജയിൽ വകുപ്പിൽ അടിയന്തിര പ്രാധാന്യമുള്ള മറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ളതിനാൽ നിലവിൽ ജയിൽ മ്യൂസിയം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ജയിലുകൾ കുറ്റവാളികളെ പാർപ്പിക്കുന്ന സ്ഥലം എന്നതിന് പകരം കുറ്റം ചെയ്തവരെ തെറ്റുകൾ തിരുത്തി നല്ല മനുഷ്യരായി മാറ്റുന്ന തരത്തിൽ മനഃപരിവർത്തനം ഉണ്ടാകുന്ന ഒരു ഇടമായി തീർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | തടവുകാർക്ക് സഞ്ചാര സ്വാതന്ത്ര്യം ഒഴികെയുള്ള എല്ലാ മനുഷ്യാവകാശങ്ങളും ഉണ്ടെന്നതാണ് സർക്കാർ കാഴ്ചപ്പാട്. ആയതിനാൽ തടവുകാരെ അവരുടെ ശിക്ഷാ കാലത്തിനുശേഷം സമൂഹത്തിന് സംഭാവനകൾ നൽകുന്ന ഉത്തമ പൗരന്മാരായി മാറ്റാൻ ഉതകുന്ന തരത്തിൽ തൊഴിൽ പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നു. കാർപ്പന്ററി, വീവിംഗ്, ടെയിലറിംഗ്, മേസ്തിരിപ്പണി, അഗ്രികൾച്ചറൽ ഫാമിംഗ്, റബ്ബർ ടാപ്പിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, സോപ്പ് നിർമ്മാണം, ചപ്പാത്തി നിർമ്മാണം, കുട നിർമ്മാണം, ഡ്രൈവിംഗ് പരിശീലനം, ഹെയർ ഡ്രസിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയ തൊഴിൽ പരിശീലനം നടപ്പാക്കി വരുന്നു.<br><br>തൊഴിൽ പരിശീലന പരിപാടികൾ കൂടാതെ തടവുകാരുടെ സാന്മാർഗിക ബോധം ഉയർത്തുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിവിധ വിനോദ മത്സരങ്ങൾ എന്നിവ നിരന്തരം ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ തടവുകാരുടെ കൗൺസിലിംഗ് ലക്ഷ്യമാക്കി വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നിരക്ഷരരായ തടവുകാർക്കായി സാക്ഷരതാ ക്ലാസുകൾ, അടിസ്ഥാന യോഗ്യത ഉള്ളവർക്കായി ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം എന്നിവ ജയിലുകളിൽ ഉണ്ട്. പ്രമുഖ ജയിൽ സ്ഥാപനങ്ങളിൽ IGNOU സ്റ്റഡി സെന്ററുകൾ ഉണ്ട്. സാക്ഷരതാ മിഷൻ സഹായത്തോടെ തുല്യതാ പരീക്ഷ, കമ്പ്യൂട്ടർ ക്ലാസുകൾ എന്നിവ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും മെച്ചപ്പെട്ട ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ട്. വർത്തമാന പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ ജയിലുകളിലും ലഭ്യമാണ്. ജയിലുകളിൽ ടി.വി., എഫ്. എം. റേഡിയോ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വർഷവും ജയിൽ ദിനാഘോഷം സംഘടിപ്പിച്ച് ജയിൽ അന്തേവാസികളുടെ കലാ കായിക രംഗത്തെ കഴിവുകൾ പ്രകടമാക്കുന്നതിനുള്ള അവസരവും നൽകിയിട്ടുണ്ട്. കൂടാതെ നിയമാനുസൃത ശിക്ഷാ ഇളവുകളും, പരോളുകളും നൽകി വരുന്നതും തടവുകാരുടെ സാന്മാർഗീകരണം പ്രക്രിയയിലെ പ്രധാനപ്പെട്ട കാര്യമാണ്. |

സെക്ഷൻ ഓഫീസർ